വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, സുൽത്താൻബത്തേരി- ചുള്ളിയോട്-താളൂർ റോഡ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് 50 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് ഇപ്പോൾ ചീഫ് എൻജിനീയറുടെ ഓഫീസിൽ വന്നിട്ടുണ്ട്. അത് എത്രയും വേഗം പരിശോധിച്ച് ഈ വർക്ക് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്.

(3) മണ്ണാർക്കാട് താലൂക്കിലെ മുള്ളി-താവളം തിരുവിഴാംകുന്ന് അമ്പലപ്പാറ റോഡുകളുടെ പണി

ശ്രീ. ജോസ് ബേബി : സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന ഊട്ടിയിലേയ്ക്ക് പോകുന്ന ഷോർട്ട് റോഡാണ് മുള്ളി-താവളം റോഡ്. ആ റോഡ് മുൻ ഗവൺമെന്റിന്റെ കാലത്ത് തന്നെ ടെണ്ടർ ചെയ്ത് വർക്ക് തുടങ്ങിയതാണ്. അതുപോലെയുള്ള ഒരു റോഡാണ് അമ്പലപ്പാറ-തിരുവിഴാംകുന്ന് റോഡ്. ഈ രണ്ട് റോഡുകളുടേയും പണി ടെന്റർ നടത്തി കോൺട്രാക്ടർ വർക്ക് ഏറ്റെടുത്തു. പക്ഷേ പിന്നീട് ആ കോൺട്രാക്ടർ വർക്കു ചെയ്യാൻ തയ്യാറല്ലെന്ന് പറഞ്ഞുകൊണ്ട് പണി നിർത്തി വച്ചു. 5 കൊല്ലമായിക്കാണും. ഉദ്യോഗസ്ഥന്മാരുടെ പിടിപ്പുകേടും കഴിവുകേടും ആണ് പ്രധാന കാരണം. അതുകൊണ്ട് മാത്രം നടക്കാതിരിക്കുകയാണ്. ഒട്ടേറെ പ്രാവശ്യം ജനങ്ങൾ സമരവും സത്യാഗ്രഹവും അവിടെ നടത്തി. പി.ഡബ്ല്യു.ഡി. ഓഫീസിൽ വരെ ജനങ്ങൾ മാർച്ച് നടത്തി. ഉത്തരവാദിത്വം കാണിക്കാത്ത ഉദ്യോഗസ്ഥന്മാർ, ഈ കോൺട്രാക്ടറെ മാറ്റി പുതിയ കോൺട്രാക്ടർക്ക് വർക്ക് അറേഞ്ചു ചെയ്യുകയോ പുതിയ കോൺട്രാക്ടറെ സംഘടിപ്പിക്കുകയോ ഒന്നും ചെയ്യുന്നില്ല. അത് ജനങ്ങളോട് കാണിക്കുന്ന ഒരു മര്യാദകേടാണ്. അതിനെക്കുറിച്ച് എന്ത് മറുപടിയാണ് അവരിപ്പോൾ എടുത്തിരിക്കുന്നത് എന്ന് എനിക്കറിയില്ല. ശക്തമായ നടപടി സ്വീകരിക്കണം. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയ്ക്ക് കർക്കശമായ താക്കീതോ നടപടിയോ ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായെങ്കിൽ മാത്രമേ അഞ്ച് കൊല്ലമായിട്ടും പരിഹാരം കാണാനാകാത്ത പ്രശ്നത്തിന് പരിഹാരമുണ്ടാകുകയുള്ളൂ. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, മണ്ണാർക്കാട് ചിന്നതടാകം റോഡിൽ കിലോമീറ്റർ 22 മുതലാണ് താവളം-മുള്ളി റോഡ് ആരംഭിക്കുന്നത്. ഈ റോഡിന്റെ മൊത്തം നീളം 28 കിലോമീറ്ററാണ്. ഇതിൽ 12.500 മുതൽ 28 കിലോമീറ്റർ വരെയുള്ള റോഡ് ഗതാഗതയോഗ്യമാണ്. ബാക്കി 4.500 വരെയുള്ള ഭാഗത്തിന്റെ നിർമ്മാണത്തിന് ഗ്രാമീണ റോഡ് വിഭാഗത്തിൽപ്പെടുത്തി ഭരണാനുമതി നൽകി 35,29,167 രൂപ ഏൽപ്പിച്ചു. വില്ലേജ് റോഡുകൾക്ക് ആവശ്യത്തിനുള്ള ഫണ്ട് ലഭ്യമല്ലാത്തതു കാരണം പ്രസ്തുത പണിക്കുള്ള സിമന്റ്, കമ്പി, ടാർ എന്നിവ യഥാസമയം കൊടുക്കുവാനോ ഭാഗികമായി കൊടുക്കുവാനോ കഴിഞ്ഞിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ പണി താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുകയാണ്. വില്ലേജ് റോഡുകൾ ക്യാൻസൽ ചെയ്താൽ രണ്ടാമത് എടുക്കുവാനുള്ള യാതൊരു തീരുമാനവുമില്ല. തുടങ്ങി വച്ച പണികൾ പൂർത്തിയാക്കാൻ മാത്രമാണ് തീരുമാനം. ക്യാൻസൽ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്താൽ അതേപടി അവസാനിച്ചിരിക്കുന്നു. തീർത്ത പണികളുടെ ബിൽ കൊടുക്കുവാനോ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ചെയ്തേയ്ക്കാം. ഈ കോൺട്രാക്ടർമാരെക്കൊണ്ട് ചെയ്യിക്കുന്നില്ലെങ്കിൽ അത് റീ അറേഞ്ച് ചെയ്താലുള്ള ബുദ്ധിമുട്ട് മനസ്സിലാക്കണം. വില്ലേജ് റോഡിന്റെ ഈ പണികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ചെയ്യേണ്ടത്. അങ്ങനെയുള്ള ഒട്ടേറെ സാങ്കേതിക പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് ചർച്ച ചെയ്ത് യുക്തമായ തീരുമാനമെടുക്കാം. രണ്ട് റോഡിന്റെ കാര്യങ്ങളിലും ഇതാണ് സ്ഥിതി. മറ്റ് റോഡുകളുടെ കാര്യത്തിൽ, കോൺട്രാക്ടർമാരെ പിരിച്ച് വിട്ടതാണ്. ഇനിയും ആളെ ഇങ്ങനെ പിരിച്ച് വിട്ടാൽ ഇത് C.Es. L.S.- ലുള്ള വർക്കാണ്, കോൺട്രാക്ടർമാർ ഉഴപ്പിയാൽ വലിയ പ്രശ്നമാണ്. ഇനിയും ടെർമിനേറ്റു ചെയ്ത് ആ വർക്ക് ഏറ്റെടുക്കാൻ നോക്കാം. വില്ലേജ് റോഡുകളുടെ പണി ഇനി പി.ഡബ്ല്യു.ഡി. ഏറ്റെടുക്കില്ല. ഏറ്റെടുത്താൽ പണം കൊടുക്കാൻ യാതൊരു നിവൃത്തിയുമില്ല.

(4) കാഞ്ഞിരപ്പള്ളിയിൽ മിനി സിവിൽ സ്റ്റേഷൻ പണിയണമെന്ന ആവശ്യം

ശ്രീ. ജോർജ് ജെ. മാത്യു : സർ, ഈ സർക്കാർ നിലവിൽ വന്നപ്പോൾ കാഞ്ഞിരപ്പള്ളി യിൽ ഒരു റവന്യൂ ടവറിന്റെ തറക്കല്ലിട്ട് പണിയാരംഭിക്കാനുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയിരുന്നു. അവിടെയുണ്ടായിരുന്ന താലൂക്ക് ഓഫീസ് വേറൊരു കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തിരുന്നു. ബഹുമാന്യനായ മന്ത്രി തൊടുപുഴയിലെ റവന്യൂ ടവർ ക്യാൻസൽ ചെയ്ത കൂട്ടത്തിൽ കാഞ്ഞിരപ്പള്ളിയിലെ റവന്യൂ ടവറും ക്യാൻസൽ ചെയ്തു. ഞാൻ അന്ന് അതിൽ പ്രതിഷേധിച്ചു. അദ്ദേഹം മിനി സിവിൽ സ്റ്റേഷന് പൊതുവിൽ അംഗീകാരം നൽകി. കാഞ്ഞിരപ്പള്ളിയിലെ ഒരു മിനി സിവിൽ സ്റ്റേഷന് പ്രതിപക്ഷത്തു നിന്ന് നിർദ്ദേശമുണ്ടായാൽ അനുവദിക്കാമെന്ന് പറഞ്ഞ് ശ്രീ.എ.കെ. ആന്റണിയുമായി ചർച്ച ചെയ്തു ; അന്ന് സമ്മതിച്ചു, അനുവദിച്ചു. 14 കോടി രൂപ ചെലവുള്ള ഒരു റവന്യൂ ടവറിനു പകരം, ഒരു കോടി രൂപയ്ക്കുള്ള ഒരു ചെറിയ കിളിക്കൂടുപോലെയുള്ള ഒരു പരിപാടിക്കായിരുന്നു അനുമതി. ഞാൻ അതിൽ പ്രതിഷേധിച്ചു വീണ്ടും പുതിയ ഒരു എസ്റ്റിമേറ്റ് എടുപ്പിച്ചു. 8 കോടി രൂപയുടെ ഒരു പുതിയ മിനി സിവിൽ സ്റ്റേഷൻ, ആവശ്യമുള്ള നിലകൾ പുതുക്കി പണിയാമെന്നുള്ള രീതിയിൽ പ്ലാനും, ലിഫ്റ്റു സഹിതം തയ്യാറാക്കി. ഇത് സർക്കാരിലേക്ക് വന്നിട്ട് ഇപ്പോൾ രണ്ട് മൂന്ന് കൊല്ലം കഴിഞ്ഞു. ഞാൻ ആവർത്തിച്ച് പല പ്രാവശ്യം പറഞ്ഞിട്ടും അതിനുവേണ്ട ഫണ്ട് ഇതുവരെ അനുവദിക്കാൻ തയ്യാറായിട്ടില്ല. അന്നേയുള്ള വാഗ്ദാനമാണ്. നാലഞ്ച് കൊല്ലമായി. ഇപ്രാവശ്യമെങ്കിലും അതിനുള്ള തുക ബഡ്ജറ്റിൽ അനുദവിച്ച് അതിന്റെ പണി ഉടനെ തീർക്കണം. 8 കോടി രൂപയുടെ ഈ പരിപാടി നടപ്പാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, റവന്യൂ ടവർ നടപ്പാക്കിയതിനെപ്പറ്റി അദ്ദേഹം പറഞ്ഞു. നാല്പതോളം റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly